# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1039 30/09/2016-ൽ മറുപടിയ്ക്ക്**

**'എല്ലാവർക്കും വീട് 'പദ്ധതി**

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ.കെ. റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജനകീയാസൂത്രണവും, ഇ.എം.എസ് ഭവന പദ്ധതിയും തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ജനകീയാസൂത്രണ പദ്ധതിയുടെ രണ്ടാംഘട്ടമായി സംസ്ഥാനത്ത് 13-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച സംസ്ഥാനതല അവലോകന യോഗം 26/08/2016 -ൽ കൂടുകയുണ്ടായി. കൂടാതെ 13-ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇ.എം.എസ് ഭവന പദ്ധതിയുടെ തുടർച്ചയായി പുതിയ ഭവന പദ്ധതി ആവിഷ്കരിക്കുന്നതിനും ഭൂരഹിത-ഭവന രഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുമായി വിശദമായ സർവ്വേ നടത്തുന്നതിന് 05/08/2016 ന്. ബഹു. ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ വച്ചു ചേർന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | 'എല്ലാവർക്കും വീട്' എന്ന സ്വപ്നപദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്ത നങ്ങളെ സംബന്ധിച്ച് വിശദാംശം നൽകുമോ? | (ബി) | വിശദമായ സർവ്വേ നടത്തി ഭൂരഹിത-ഭവന രഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭവന പദ്ധതി രൂപീകരണത്തിനുള്ള തുടർ ചർച്ചകൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**